**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1792** **08-02-2023 - ൽ മറുപടിയ്ക്ക്**

**സ്വയം പ്രഭ ഹോം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ എത്ര സ്വയം പ്രഭ ഹോമുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു; | (എ) | നടപ്പ് വർഷം ഇതുവരെ 54 ഭവനങ്ങൾ സായംപ്രഭ പദ്ധതിയുടെ കീഴിൽ അംഗീകാരം നേടി പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) | ഈ പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്നും സാമൂഹ്യനീതി വകുപ്പിൽ നിന്നും നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | (ബി) | സായംപ്രഭ പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികളും സാമൂഹ്യനീതി വകുപ്പിൽ നിന്നും നൽകുന്ന സഹായങ്ങളും സംബന്ധിച്ചുള്ള വിശദാംശം **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

വയോജനങ്ങൾ നേരിടുന്ന ഒറ്റപ്പെടൽ, വിരസത, സുരക്ഷിതത്വമില്ലായ്മ എന്നിവ മുന്നിൽ കണ്ട് ആയതിന് പരിഹാരമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിച്ച പകൽ വീടുകളെ , നിലവിലെ സാകര്യങ്ങൾക്ക് പുറമേ കെയർ ഗിവർ സേവനം, പോഷകാഹാരം നല്കൽ, യോഗ, കൗൺസിലിംഗ് ,നിയമ സഹായം, വിനോദോപാധികൾ തുടങ്ങിയവ നല്കി അവയുടെ സേവന നിലവാരം ഉയർത്തുന്ന പദ്ധതിയാണ് സായംപ്രഭ പദ്ധതി. ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭരണ സമിതിയുടെ തീരുമാനം സഹിതമുള്ള അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹിക നീതി ഓഫീസർക്ക് നല്കേണ്ടതും, ജില്ലാ ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പകൽ വീടുകളെ സായംപ്രഭ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അനുമതി സാമൂഹിക നീതി ഡയറക്ടർ നല്കുന്നതുമാണ്. സ്ഥാപനത്തിൽ കെയർ ഗിവറെ പഞ്ചായത്ത് ഭരണ സമിതിയുടെ ശുപാർശയോടെ പഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥർ ആണ് കരാർ അടിസ്ഥാനത്തിൽ നിയമിക്കേണ്ടത് . ഇവർക്കുള്ള പ്രതിമാസ ഹോണറേറിയം ഇനത്തിൽ 7,000/- രൂപ സാമൂഹിക നീതി വകപ്പ് നല്കുന്നതാണ്. കൂടാതെ താഴെപ്പറയുന്ന സഹായങ്ങൾ പദ്ധതി പ്രകാരം നല്കി വരുന്നു.

1) സായംപ്രഭ ഭവനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ monitor ചെയ്യുന്നതിനും പ്രവർത്തനങ്ങൾക്ക് സാങ്കേതിക പിന്തുണ നല്കുന്നതിനുമായി 25 ലക്ഷം രൂപ നടപ്പുവർഷം വകയിരുത്തുകയും പ്രസ്തുത പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.
2) പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലയിലെ ഭരണപരമായ ചെലവുകൾക്ക് ഒരു ജില്ലയ്ക്ക് 50,000/- രൂപ ക്രമത്തിൽ ആകെ 7 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്തുകൾ നിയമിക്കുന്ന സയംപ്രഭ ഹോം കെയർഗിവർമാർക്ക് പരിശീലനം നല്കുക, മീറ്റിംഗുകൾ വിളിച്ചു ചേർക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് ഈ തുക വിനിയോഗിക്കുന്നത്.
3) സായംപ്രഭ ഭവനങ്ങളിലെ കണ്ടിജൻസി ഇനത്തിൽ ചെലവഴിക്കുന്നതിന് ഒരു ഹോമിന് 10,000/- രൂപ ക്രമത്തിൽ ആകെ 8,50,000 രൂപ വകയിരുത്തിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വയോജനങ്ങൾക്ക് മാനസിക ശാരീരിക ഉല്ലാസത്തിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളായ യോഗ പരിശീലനം , കലാപരിപാടികൾ എന്നിവ നടത്തുകയും വൃദ്ധ പരിപാലന നിയമങ്ങളെയും മാനസികവും ശാരീരികവും ആരോഗ്യകരവുമായ വിഷയങ്ങളെയും സംബന്ധിച്ച് ആഴ്ചയിൽ ഒരു ദിവസം ഏതെങ്കിലും നിയമ വിദഗ്ധർ , പോലീസ് ഓഫീസർമാർ, മെഡിക്കൽ ഓഫീസർമാർ, സൈക്കോ സോഷ്യൽ കൗൺസിലർമാർ എന്നിവർ മുഖാന്തിരം ക്ലാസ്സുകൾ സംഘടിപ്പിച്ചു നൽകുന്നു . സാമൂഹ്യ നീതി വകുപ്പിന്റെ വയോപോഷണം പദ്ധതിയിലൂടെ ഭക്ഷണ കിറ്റുകളും നൽകി വരുന്നുണ്ട്. കൂടാതെ കെയർ ഗിവർമാർക്ക് സാമൂഹിക നീതി വകുപ്പ് നല്കുന്ന 7000/- രൂപയും ഗ്രാമ പഞ്ചായത്തുകൾ നല്കുന്ന 7000/- രൂപയും ഉൾപ്പെടുത്തി പ്രതിമാസം 14000/- രൂപ നല്കുന്നുണ്ട്.